**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 668 09/02/2016-ൽ മറുപടിക്ക്

## ആദിവാസികളുടെ ആരോഗ്യരക്ഷാപദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ) | ആദിവാസികൾക്ക് ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള വകുപ്പിലെ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ; അവ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ; | എ) | പട്ടികവർഗ്ഗക്കാർക്ക് ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് സഹായിക്കാൻ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ, പട്ടികവർഗ്ഗ പ്രൊമോട്ടർമാർ/ഹെൽത്ത് പ്രൊമോട്ടർമാർ എന്നിവരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.<br><br>ആരോഗ്യ പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പട്ടികവർഗ്ഗ വികസന വകുപ്പ് മോണിറ്ററിംഗ് നടത്തിവരുന്നു. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന സമഗ്ര ആരോഗ്യ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി എല്ലാ മാസവും ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടിന്റെ അദ്ധ്യക്ഷതയിൽ അവലോകന യോഗം, ജില്ലാ മെഡിക്കൽ ആഫീസർ കൺവീനറായി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി, പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സർക്കാർ തല മോണിറ്ററിംഗ് കമ്മിറ്റി എന്നിവ യോഗം ചേർന്ന് ആരോഗ്യ പദ്ധതികൾ കുറ്റമറ്റരീതിയിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| ബി) | ആദിവാസികളുടെ ആരോഗ്യരക്ഷയ്ക്കായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; ഓരോ പദ്ധതികളുടെയും വിശദാംശങ്ങളും അവ നടപ്പാക്കുന്ന രീതിയും വിശദമാക്കുമോ? | ബി) | പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിൽ സംസ്ഥാനത്ത് അഞ്ച് ഒ.പി. ക്ലിനിക്കുകളും 18 ആയുർവേദ ഡിസ്പെൻസറികളും 2 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്.<br><br>ആദിവാസികളുടെ ആരോഗ്യരക്ഷയ്ക്കായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ സംബന്ധിക്കുന്ന വിശദാംശം ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | 1) **സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി**:- സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതിയാണിത്. എ.പി.എൽ./ബി.പി.എൽ വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗ വിഭാഗക്കാർക്കും 10,000/- രൂപ വരെ ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും സൗജന്യമായി ലഭിക്കുന്നു. ബി.പി.എൽ. വിഭാഗത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട (വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള) രോഗികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജുകൾ, ഇതുമായി ബന്ധപ്പെട്ട ആശുപത്രികൾക്കും, കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ്, തിരുവനന്തപുരം ജില്ലയിലെ ശ്രീചിത്തിര തിരുന്നാൾ മെഡിക്കൽ സയൻസ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, റീജിയണൽ കാൻസർ സെന്റർ, ശ്രീ അവിട്ടം തിരുന്നാൾ ആശുപത്രി. റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി എന്നീ സ്ഥാപനങ്ങൾ വഴി ടി പദ്ധതി നടപ്പാക്കുന്നു. ചികിത്സാ ചെലവ് 50,000/- രൂപയിൽ അധികരിക്കുകയാണെങ്കിൽ സർക്കാർ അനുമതി ഉത്തരവിലൂടെ ചികിത്സാ ചെലവ് അനുവദിച്ചു വരുന്നുണ്ട്.<br>2) **ജനനി ജന്മരക്ഷാ പദ്ധതി:** ഈ പദ്ധതിയിലൂടെ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് പ്രതിമാസം 1000/- രൂപ ധന സഹായം അനുവദിച്ചു വരുന്നു. ഗർഭാവസ്ഥയുടെ മൂന്നാം മാസം മുതൽ കുട്ടിയ്ക്ക് ഒരു വയസ്സ് പൂർത്തിയാകുന്നതു വരെ (പരമാവധി 18 മാസം) സഹായം ലഭിക്കുന്നു.<br>**3) സിക്കിൾ സെൽ അനീമിയ രോഗികൾക്കുള്ള ധനസഹായം:**<br>ഈ പദ്ധതി പ്രകാരം അരിവാൾ രോഗികളായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രതിമാസം 1000/- രൂപ സമാശ്വാസ ധനസഹായമായി നൽകിയിരുന്നത് ജനുവരി 2016 മുതൽ 2000/- രൂപയായി ഉയർത്തി അനുവദിച്ചു നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ